LIBRARY ARCHIVES Kerala Legislative Assembly

നദീ ഗവേഷണം

110 (3857) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) ഉണ്ട്. നദികളുടെ സംരക്ഷണം ലക്ഷ്യമാക്കി ഗവേഷണം, ട്രെയിനിംഗ് ഇവ ശാസ്ത്രീയമായി നടത്തുന്നതിനായി റവന്യൂ വകുപ്പിനുകീഴിൽ റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എറണാകുളം ആസ്ഥാനമായി സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചും എറണാകുളം ജില്ലാ കളക്ടറെ പ്രസ്തുത സെന്റർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ചുമതലപ്പെടുത്തി 4-12-2014-ലെ സ.ഉ.(എംഎസ്.) 503/14/റവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തൃക്കാക്കര നോർത്ത് വില്ലേജിൽ ബ്ലോക്ക് 5-ൽ റീ-സർവ്വേ 82/1-ൽപ്പെട്ട 43.75 ആർ സ്ഥലം ഈ ആവശ്യത്തിനായി കണ്ടെത്തിയിട്ടുണ്ട്. Detailed Project Report (DPR) തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സീറോ ലാൻഡ്‌ലെസ്സ് സ്കീം

111 (3858) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ് ലെസ്സ് സ്കീം എന്നാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) സീറോ ലാൻഡ് ലെസ്സ് സ്കീം ഒന്നാം ഘട്ടപ്രകാരം എത്ര പേർക്ക് ഭൂമി അനുവദിച്ചു, ജില്ലാടിസ്ഥാനത്തിൽ വിശദാംശം നല്കാമോ ;